പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 3345 — 16-12-2015 ൽ മറുപടിക്ക്

കർഷക സേവന കേന്ദ്രങ്ങൾ

**ചോദ്യം**

ശ്രീ.വി.എസ്. സുനിൽകുമാർ
ശ്രീ. കെ. അജിത്
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. ചിറ്റയം ഗോപകുമാർ

**ഉത്തരം**

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം; പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 49 ബ്ലോക്കുകളിൽ കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>1. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട തൊഴിലാളികൾ, നടീൽ വസ്തുക്കൾ, മെഷിനറികൾ, വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ ഒരേ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നു.<br>2. തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.<br>3. മണ്ണ് പരിശോധന, രോഗ കീടം എന്നിവയുടെ നിർണ്ണയം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിൽ സഹായിക്കുന്നു.<br>4. ട്രാക്ടർ, തെങ്ങ്കയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ് പ്രെയർ, ഡ്രൈയർ, പമ്പ് സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന |

| | | |
|---|---|---|
| | | യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്ര സാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.<br>5. അഗ്രോ സർവ്വീസ് സെന്റർ വഴി വിവിധ കാർഷികവൃത്തികളായ നിലം ഒരുക്കൽ, ഞാറ്റടി തയ്യാറാക്കൽ, കാട് വെട്ടൽ, മരുന്ന് തളി, വിളവെടുപ്പ് എന്നിവയിൽ തൊഴിലാളികളുടെ സേവനം ലഭ്യമാണ്. |
| (ബി) കർഷക കേന്ദ്രങ്ങളിൽ എന്തെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുള്ള അഗ്രോ സർവ്വീസ് കേന്ദ്രങ്ങളിൽ ബയോഫാർമസി, നഴ്സറി എന്നിവ തുടങ്ങുന്നതിന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ മൂന്ന് ചക്ര വാഹനങ്ങൾ, മറ്റ് ആവശ്യമായ യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും സഹായം ലഭ്യമാക്കിയിട്ടുണ്ട്. സൗകര്യങ്ങൾ ലഭ്യമായ അഗ്രോ സർവ്വീസ് കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കുന്നതിന് 9.5 ലക്ഷം രൂപ (ഒരു ലാബിന്) ലഭ്യമാണ്. നിലവിൽ കൂത്തുപറമ്പ്, കോതമംഗലം, പഴയന്നൂർ എന്നീ അഗ്രോ സർവ്വീസ് കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ